I ഇ.ബി. XIV - കേരള നിയമസഭ /IV-8

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 07, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

വരൾച്ച

മി. സ്പീക്കർ: അതിരൂക്ഷമായ വരൾച്ചക്കെടുതികളിലേയ്ക്ക് സംസ്ഥാനം കടന്നുപോകുന്ന സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കാനോ കുടിവെള്ളം എത്തിക്കാനോ വാട്ടർ അതോറിറ്റിയുടെ ജലവിതരണ സമ്പ്രദായം കൂടുതൽ ഫലപ്രദമാക്കാനോ സർക്കാർ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, സി. മമ്മൂട്ടി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത ഏറ്റവും വലിയ വരൾച്ചയാണ് സംസ്ഥാനം നേരിടുന്നത്. കേരളത്തിൽ കാലവർഷവും തുലാവർഷവും വേനൽ മഴയും പ്രതീക്ഷിച്ചത്ര ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് രൂക്ഷമായ

വരൾച്ച നേരിടുന്നതിനുള്ള നടപടികൾക്ക് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിക്കുകയും 26 ഇന പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ഓരോ മന്ത്രിമാർക്കും അതിന്റെ ചുമതല നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സെപ്തംബർ മാസം വരെയുള്ള മഴലഭ്യതക്കുറവ് കണക്കിലെടുത്ത് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും 50 ലക്ഷം രൂപ വീതം നീക്കിവച്ചിട്ടുണ്ട്. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ചീഫ് സെക്രട്ടറി, റവന്യൂ, ആഭ്യന്തരം വകുപ്പ് സെക്രട്ടറിമാർ, വനംവകുപ്പുദ്യോഗസ്ഥർ എന്നിവരുമായി 26.11.2016-ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വരൾച്ചയുടെ രൂക്ഷത കണക്കിലെടുത്ത് മാസംതോറും മുഖ്യമന്ത്രി നേരിട്ട് വീഡിയോ കോൺഫറൻസ് നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജില്ലകൾതോറും മന്ത്രിമാരും ജനപ്രതിനിധികളും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ച് റിവ്യൂ നടത്തി ആവശ്യമായ

നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽ കിണർ കുഴിക്കുന്നതിന്റെ ഭാഗമായി ഭൂഗർഭ ജലനിരപ്പ് താഴുന്നതിനാൽ ഇത്തരം ജലചൂഷണം അവസാനിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകൾ തോറുമുള്ള കുടിവെള്ള വിതരണത്തിനായി 22.5 കോടി രൂപ അനുവദിക്കുകയും ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ച് കിയോസ്കുകൾ വഴി ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയെങ്കിലും ടാങ്കുകൾ ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യത്തിൽ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകളിൽ റവന്യൂ-കൃഷി-ജലവിഭവ വകുപ്പുമന്ത്രിമാരുമായി പ്രത്യേക യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വരൾച്ച നേരിടുന്നതിന് ജില്ലകൾക്കാവശ്യമായ ഫണ്ട് അനുവദിക്കുകയും ആവശ്യമെങ്കിൽ കൂടുതൽ ഫണ്ട് അനുവദിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ

ഇറിഗേഷൻ, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ, ജലനിധി എന്നീ വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ പുതിയൊരു ജല ഉപയോഗ സംസ്കാരം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് 320 കോടി രൂപ ചെലവഴിച്ച് 9543 കുളങ്ങൾ നവീകരിച്ച് ജല ലഭ്യത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തി പൈപ്പ് ലൈനുകളുടെ സ്ഥിതിയും ദൈർഘ്യവും മെച്ചപ്പെടുത്തി ജലനഷ്ടം ഒഴിവാക്കി ജലലഭ്യത വ്യാപിപ്പിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും കണക്കിലെടുത്ത് മനുഷ്യസാധ്യമായ പ്രതിരോധ പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സംസ്ഥാനത്തെ ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ജലസ്രോതസ്സുകൾ കണ്ടെത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുപകരം ഓരോ വാർഡുകളിൽ ഓരോ കിയോസ്കുകൾ സ്ഥാപിച്ച് ആ പ്രദേശത്തെ മുഴുവൻ ആളുകൾക്കും ശുദ്ധജലമെത്തിക്കുമെന്ന സർക്കാർ നിലപാട് അപലപനീയമാണ്. വരൾച്ചമൂലം കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടാകുകയും രൂക്ഷമായ വൈദ്യുതി

പ്രതിസന്ധിക്ക് കാരണമാകുകയും ചെയ്യുന്നു. ജലദൗർലഭ്യത്തോടൊപ്പം ജലമലിനീകരണവും ഗുരുതരമായ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. കഠിനമായ ചൂട്, ജലദൗർലഭ്യം, ഭക്ഷണമില്ലായ്മ എന്നിവ കാരണം വന്യമൃഗങ്ങൾ ചത്തൊടുങ്ങുന്നതിന് പുറമെ അവ നഗരങ്ങളിലേയ്ക്കിറങ്ങി വരുന്ന അവസ്ഥയുമാണുള്ളത്. മലമ്പുഴ ഡാമിൽ ചത്ത മൃഗങ്ങളെ കുഴിച്ചിട്ട സംഭവത്തിൽ അന്വേഷണം നടത്തണം. ഹെക്ടർ കണക്കിന് വനം കത്തിനശിക്കുന്നതിന്റെ ഗൗരവം കണക്കിലെടുത്ത് ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് കേരളം മരുഭൂമിയായിത്തീരാൻ അധികകാലം കാത്തിരിക്കേണ്ടിവരില്ല. വരൾച്ച സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുകയും ബന്ധപ്പെട്ടവർ കേന്ദ്രത്തെ നേരിട്ട് സമീപിക്കുകയുമാണ് വേണ്ടത്. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിയിൽ മാന്വലിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് നടപ്പാക്കുക പ്രയാസകരമായതുകൊണ്ടാണ് കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്.

ഇതിനുള്ള കാലതാമസം കണക്കിലെടുത്ത് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ കൂടുതൽ ജലസ്രോതസ്സുകൾ നിർമ്മിക്കാൻ സാധ്യമല്ല. വരൾച്ചയുടെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗ തീരുമാനമനുസരിച്ച് പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർക്ക് നിവേദനം കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് മെമ്മോറാണ്ടം സമർപ്പിക്കുന്നതിന് ശ്രമിച്ചെങ്കിലും 7-ാം തീയതിക്കുശേഷമേ അവരെ കാണാൻ സാധിക്കുകയുള്ളൂവെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ വിഷയത്തിന്റെ ഗുരുതരാവസ്ഥ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് ഗവൺമെന്റ് നടത്തുന്നത്. ജലചൂഷണവും ജലദുരുപയോഗവും അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വീടുകളിൽ മഴവെള്ളസംഭരണി വേണമെന്ന ആവശ്യം പൂർണ്ണമായും പാലിക്കപ്പെടാത്തതിന്റെ ബുദ്ധിമുട്ട് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ജലചൂഷണത്തെക്കുറിച്ചും, കന്നുകാലികൾ ചത്തൊടുങ്ങുന്നതിനെക്കുറിച്ചും മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ കന്നുകാലികൾക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും നൽകി അവയെ സംരക്ഷിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ജലസ്രോതസ്സുകൾ സംരക്ഷിച്ച് പരമാവധി ജലമെത്തിക്കാനുള്ള നടപടികൾക്ക് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): അതിരൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് എല്ലാവരുടെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കാലവർഷം ഗണ്യമായി കുറയുകയും തുലാവർഷം കുറയാൻ സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തതുകൊണ്ടാണ് വാട്ടർ അതോറിറ്റിയും ജലവിഭവ വകുപ്പും ജലസംരക്ഷണത്തിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങിയതും വലിയ പ്രതിസന്ധിയില്ലാതെ ഇപ്പോഴും കുടിവെള്ളം ലഭ്യമാക്കുന്നതും. തടയണകൾ നിർമ്മിച്ച് ജലം സംരക്ഷിച്ചതുകൊണ്ട് കുടിവെള്ള സ്രോതസ്സുകളിൽ പമ്പിംഗ് നടത്താൻ കഴിയുന്നുണ്ട്. വരൾച്ചയ്ക്ക് മുമ്പ് ഇൻടേക്ക് വെല്ലുകളും മറ്റും ശുദ്ധീകരിക്കാനും ചെളിയും മണ്ണും നീക്കം ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്. അണക്കെട്ടുകളിലെ ജലനിരപ്പ് താഴ്ന്നതിനാൽ ജൂൺ ആദ്യവാരംവരെയുള്ള

വിതരണത്തിനായി ജലം സംഭരിച്ചശേഷം മാത്രമേ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാവൂവെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കനാലുകൾവഴി ആവശ്യമായ സ്ഥലങ്ങളിൽ ജലമെത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് താഴ്ന്നതിനാൽ കൊല്ലം ജില്ലയിൽ കെ.ഐ.പി. കനാൽവഴിയും വടകരയിൽ കുടിവെള്ള പെരുവണ്ണാമൂഴിയിലെ ജലസേചന കനാൽവഴിയും ജലം എത്തിച്ചിട്ടുണ്ട്. മുറിഞ്ഞുപോയ കനാലുകൾ പുന:സ്ഥാപിക്കാനുള്ള പണികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. കാഞ്ഞിരപ്പുഴ ഡാമിന്റെ കനാൽഭിത്തി യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിച്ച് പമ്പിംഗ് പുനരാരംഭിച്ചിട്ടുണ്ട്. ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പശ്ചിമ കൊച്ചിയിൽ പ്രതിദിനം 15 ദശലക്ഷം ജലം എത്തിക്കുന്ന പദ്ധതികൾ മാർച്ചുമാസംതന്നെ പൂർത്തീകരിക്കുന്നതാണ്. ആലപ്പുഴ ജില്ലയിൽ ജലമെത്തിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിക്കഴിഞ്ഞു. ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം വാട്ടർ അതോറിറ്റിയിൽ പ്രവർത്തിച്ചുവരികയാണ്. പൈപ്പ്

ലൈനിലുണ്ടാകുന്ന ലീക്കുകൾ 12 മണിക്കൂറിനുള്ളിൽ പരിഹരിക്കണമെന്ന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പറിലൂടെ പൊതുസ്ഥലങ്ങളിൽ കാണുന്ന ലീക്കുകൾ റിപ്പോർട്ട് ചെയ്യാവുന്നതും ലഭിക്കുന്ന പരാതികൾ അതാത് സമയം പരിഹരിക്കാൻ ശ്രമിക്കുന്നതുമാണ്. ജില്ലാ കേന്ദ്രങ്ങളിൽ ഡ്രൗട്ട് മാനേജ്മെന്റ് സെൽ പ്രവർത്തിക്കുന്നുണ്ട്. കുളങ്ങളിലും പാറമടകളിലുമുള്ള വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖലയില്ലാത്തതും ജലനിധി പദ്ധതിയില്ലാത്തതുമാ സ്ഥലങ്ങളിലുള്ള കുഴൽക്കിണറുകളുടെ ഹാന്റ് പമ്പുകൾ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അതീവഗുരുതരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും വസ്തുതാപരമാണ്. ജലസംഭരണികളിൽ വലിയതോതിൽ വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. വന്യമൃഗങ്ങൾ ചത്തൊടുങ്ങുകയും വനം കത്തി നശിക്കുകയും ചെയ്യുന്നു. ഒരു വാർഡിൽ ഒരു കിയോസ്ക് സ്ഥാപിച്ചതുകൊണ്ട് ആ വാർഡിലെ മുഴുവൻ ആളുകൾക്കും ജലം

ലഭിക്കുകയില്ല. വെള്ളം ആവശ്യമുള്ള സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കാനും സ്ഥാപിച്ച കിയോസ്കുകൾവഴി വെള്ളം ലഭ്യമാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് ജലമെത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്. അതിനാവശ്യമായ വെള്ളം വാട്ടർ അതോറിറ്റി നൽകേണ്ടതും പഞ്ചായത്തുകൾ വിതരണം ചെയ്യേണ്ടതുമാണ്. അതിന് എത്ര തുക ചെലവായാലും സർക്കാർ വഹിക്കുന്നതാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കിണറുകൾ റീ-ചാർജ് ചെയ്യുന്നതിനും കുളങ്ങളും തോടുകളും ശുദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കും. പാലക്കാട് ജില്ലയിലെ കൃഷിനാശത്തിന് പരിഹാരം കാണുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിക്കുന്നതാണ്. വന്യമൃഗങ്ങൾക്കാവശ്യമായ വെള്ളം കാടുകളിലെത്തിക്കുന്നതിനും സംഭരിക്കുന്നതിനുമാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്. മലമ്പുഴ ഡാമിൽ ചത്ത പശുക്കളെ കുഴിച്ചിട്ടതുപോലുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ബോധവത്കരണം നടത്തുന്നതാണ്. വനപ്രദേശങ്ങളിൽ തീപിടുത്തമുണ്ടാകുമ്പോൾ ഹെലിക്കോപ്റ്റർ ഉപയോഗിച്ച് തീ അണയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മഴയുടെ കുറവ്

പരിഹരിക്കുന്നതിനായി കൃത്രിമ മഴ പെയ്യിക്കുന്ന ക്ലൗഡ് സീഡിംഗ് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(വൈദ്യുതിത്തകരാർമൂലം രാവിലെ 10.22-ന് അല്പസമയത്തേയ്ക്ക് നിർത്തിവച്ച സഭ 10.30-ന് പുന:രാരംഭിച്ചു.)

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. എം. മാണി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രീ. ഒ. രാജഗോപാൽ: വരൾച്ചമൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ദീർഘവീക്ഷണത്തോടെ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് പഠനം നടത്തണം.

## II പ്രസ്താവന

### കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള അവഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർവ്വകക്ഷി യോഗ തീരുമാനപ്രകാരം 2017 മാർച്ച് 20-നോ 21-നോ കേരളത്തിൽനിന്നുള്ള സർവ്വകക്ഷി സംഘത്തിന് പ്രധാനമന്ത്രിയെ കാണാനുള്ള അനുമതി ലഭിക്കുന്നതിനായി പ്രധാനമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടുന്നതിന് ഡെൽഹിയിലെ റെസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും അനുമതി നിരസിച്ചുകൊണ്ടുള്ള മറുപടിയാണ് ലഭിച്ചത്. പ്രധാനമന്ത്രിക്കുപകരം കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയേയോ ധനകാര്യ വകുപ്പുമന്ത്രിയേയോ സന്ദർശിക്കാനുള്ള നിർദ്ദേശമാണ് ലഭിച്ചത്. സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച തീയതിയിൽ പ്രധാനമന്ത്രിക്ക് അസൗകര്യമാണെങ്കിൽ മറ്റൊരു ദിവസം നിശ്ചയിച്ചുനൽകാമായിരുന്നു. പ്രധാനമന്ത്രി പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ പ്രതിനിധി ഉൾപ്പെടെയുള്ള സംഘമാണ് പ്രധാനമന്ത്രിയെ കാണാൻ അനുമതി ആവശ്യപ്പെട്ടത്. കേരളത്തിൽനിന്നുള്ള സർവ്വകക്ഷി സംഘത്തെ കാണാൻ പ്രധാനമന്ത്രി തയ്യാറാകാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇത്

ജനാധിപത്യത്തിനും ഫെഡറലിസത്തിനും യോജിച്ച നടപടിയല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിന്റെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കാണാൻ തീരുമാനിച്ചത്. ഇന്ത്യയുടെ മഹത്തായ ജനാധിപത്യ സംവിധാനത്തിൽ ഏതെങ്കിലുമൊരു സംസ്ഥാനത്തുനിന്നും സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ സന്ദർശിക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടാൽ അത് നൽകിയിട്ടുള്ള ചരിത്രമാണുള്ളത്. പ്രധാനമന്ത്രിയുടെ ഏകാധിപത്യപരമായ ഇത്തരം നിലപാടുകൾ അംഗീകരിക്കാൻ കഴിയില്ല. സർവ്വകക്ഷി സംഘത്തിന് സന്ദർശനാനുമതി നിഷേധിച്ച് കേരളത്തെ അപമാനിച്ചതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കേരളം അഭിമുഖീകരിക്കുന്ന വരൾച്ചയുൾപ്പെടെയുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ട സർവ്വകക്ഷി സംഘത്തിന് പ്രധാനമന്ത്രിയെ കാണാൻ അനുവാദം നിഷേധിച്ചതിലൂടെ കേരളത്തെ അപമാനിച്ചിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ ഏകാധിപത്യപരമായ നിലപാടിനെതിരെ കേരളത്തിലെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി പ്രതിഷേധിക്കണം.

ശ്രീ. ഒ. രാജഗോപാൽ : തികച്ചും രാഷ്ട്രീയപരമായ സമീപനമാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽനിന്നുള്ള സർവ്വകക്ഷി സംഘത്തെ കാണാൻ സാധ്യമല്ലെന്ന് പ്രധാനമന്ത്രി പറഞ്ഞിട്ടില്ല . കേരള ഗവൺമെന്റ് നിർദ്ദേശിച്ച രണ്ട് ദിവസങ്ങളിലെ അസൗകര്യം അറിയിക്കുകയും അടിയന്തര കാര്യമാണെങ്കിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയേയോ ധനകാര്യ വകുപ്പുമന്ത്രിയേയോ കാണാൻ നിർദ്ദേശിക്കുകയുമാണുണ്ടായത്. രാഷ്ട്രീയലക്ഷ്യം വച്ച് പ്രധാനമന്ത്രിയെ നിരന്തരം ആക്ഷേപിക്കുന്ന സമീപനത്തിന്റെ ഭാഗമായുള്ള പ്രസ്താവനകൾ മാത്രമാണിവിടെ നടത്തിയിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സംസ്ഥാന മുഖ്യമന്ത്രിയുൾപ്പെടെയുള്ള സർവ്വകക്ഷി സംഘത്തിന് പ്രധാനമന്ത്രിയെ സന്ദർശിക്കുന്നതിനുള്ള അനുവാദം നിഷേധിച്ചത് ശരിയായ നടപടിയല്ല. സംസ്ഥാന ഗവൺമെന്റ് നിശ്ചയിക്കുന്ന തീയതിയിൽ സന്ദർശനാനുമതി നൽകുന്നതിന് അസൗകര്യമുണ്ടെങ്കിൽ സൗകര്യപ്രദമായ ദിവസം തീരുമാനിച്ച് അറിയിക്കാനുള്ള അധികാരം പ്രധാനമന്ത്രിയുടെ ഓഫീസിനുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുമുൾപ്പെടുന്ന ഫെഡറൽ സംവിധാനത്തെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. എഫ്. തോമസ്: സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നങ്ങൾ നേരിൽക്കണ്ട് അറിയിക്കാൻ സർവ്വകക്ഷി സംഘത്തിന് അവസരം നൽകാതിരുന്ന പ്രധാനമന്ത്രിയുടെ നടപടി പ്രതിഷേധാർഹവും ന്യായീകരിക്കാനാകാത്തതുമാണ്.

മി. സ്പീക്കർ: ഭരണഘടനയുടെ ഫെഡറൽ അന്ത:സത്തയ്ക്ക് ആഘാതമേൽപ്പിക്കുന്ന നടപടിയാണ് പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. ഇത് കേരള ജനതയോടുള്ള വെല്ലുവിളിയായി കണക്കാക്കി സംസ്ഥാനത്തിന്റെ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

## III ശ്രദ്ധക്ഷണിക്കൽ

(1) തെരുവ് നായ്ക്കളുടെ ആക്രമണം

ശ്രീ. എൻ. വിജയൻ പിള്ള: 2017 ഫെബ്രുവരി 27-ന് പന്മന പഞ്ചായത്തിലെ മാവേലി വാർഡിൽ അയിഷ മൻസിലിൽ ആമിന എന്ന സ്ത്രീ തെരുവ് നായ്ക്കളുടെ ആക്രമണം ഭയന്നോടി വീണുമരിക്കുകയുണ്ടായി. ഒരാഴ്ച മുമ്പ് ചവറയിൽ വീടിനുള്ളിൽ ഉറങ്ങിക്കിടന്ന ഒന്നര വയസ്സുള്ള കുട്ടിയെ തെരുവ് നായക്കൂട്ടം കടിച്ചുകൊണ്ടുപോയി മാരകമായി മുറിവേൽപ്പിച്ച

സംഭവവുമുണ്ടായിട്ടുണ്ട്. തെരുവുനായ്ക്കളെ പേടിച്ച് പകൽ സമയത്തുപോലും റോഡിലൂടെ യാത്ര ചെയ്യാൻ ജനങ്ങൾ ഭയപ്പെടുകയാണ്. അക്രമകാരികളായ തെരുവ് നായ്ക്കളെ പിടികൂടി കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം. ആശ്വാസ നടപടികളുടെ ഭാഗമായി മേൽപ്പറഞ്ഞ രണ്ട് കുടുംബങ്ങൾക്കും പരമാവധി ധനസഹായം അനുവദിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2017 ഫെബ്രുവരി 27-ന് പന്മന പഞ്ചായത്തിലെ മാവേലി വാർഡിൽ അയിഷ മൻസിലിൽ ആമിന എന്ന സ്ത്രീക്ക് സംഭവിച്ച ദാരുണമായ അന്ത്യവും ചവറ ഗ്രാമപഞ്ചായത്തിൽ ഒന്നര വയസ്സുള്ള അഭിമന്യു എന്ന കുട്ടിയെ തെരുവ് നായ്ക്കൾ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് രണ്ട് കുടുംബങ്ങൾക്കും സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തുടനീളമുള്ള തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള എ.ബി.സി. പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിജയകരമായി

നടത്തിവരികയാണ്. സുപ്രീംകോടതി വിധി നിലവിലുള്ളതിനാൽ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് തടസ്സമുണ്ടെങ്കിലും അക്രമകാരികളായ തെരുവ് നായ്ക്കളെ കൈകാര്യം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

(2) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിലുള്ള നിരവധിയാളുകളെ സംസ്ഥാനത്ത് നിലവിലുള്ള വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിൽനിന്നും മാറ്റിനിർത്തപ്പെട്ടിരിക്കുകയാണ്. അക്കൗണ്ടന്റ് ജനറൽ നടത്തിയ ടെസ്റ്റ് ചെക്കിംഗിൽ അർഹരായ 17 ശതമാനത്തിലേറെപേർ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. വയസ് തെളിയിക്കുന്ന രേഖ ഹാജരാക്കാൻ കഴിയാത്ത നിരവധിയാളുകൾക്ക് വർദ്ധിപ്പിച്ച പെൻഷൻ തുക ലഭിക്കാത്ത സാഹചര്യവും പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള സർവ്വേയിലെ അപാകതകൾ നിമിത്തം അർഹരായ നിരവധിപേർക്ക് പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥയും നിലവിലുണ്ട്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ച് അർഹരായ എല്ലാവർക്കും പെൻഷൻ

ആനുകൂല്യം കൃത്യമായി ലഭ്യമാക്കുന്നതിനും പെൻഷൻ വീടുകളിൽ നേരിട്ട് എത്തിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): അർഹരായ എല്ലാവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പെൻഷൻ പദ്ധതികളിലായി 40,58,272 ഗുണഭോക്താക്കളുണ്ട്. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലുൾപ്പെട്ട പെൻഷനുകൾക്ക് തികച്ചും ഉദാരമായ വ്യവസ്ഥകളാണ് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് പ്രകാരമുള്ള സാമ്പിൾ സർവ്വേ നടത്തിയപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ പെൻഷൻകാരുടെ എണ്ണത്തിൽ 46% വർദ്ധനവുണ്ടായിട്ടുണ്ട്. പെൻഷൻ അനുവദിക്കുമ്പോൾ രേഖപ്പെടുത്തിയ വയസ്സിന്റെ അടിസ്ഥാനത്തിൽ 75 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക്

ഗുണഭോക്താക്കൾക്ക് 1500/- രൂപ വീതമാണ് വാർദ്ധക്യകാല പെൻഷൻ നൽകുന്നത്. ശരിയായ ജനനത്തീയതി ലഭ്യമല്ലെങ്കിൽ വയസ്സിന്റെ അടിസ്ഥാനത്തിൽ ജനുവരി 1-ന് 75 വയസ്സ് പൂർത്തിയായതായി കണക്കാക്കി വർദ്ധിപ്പിച്ച പെൻഷൻ തുക അനുവദിക്കുന്നുണ്ട്. കഴിഞ്ഞ ഓണത്തിന് മുമ്പ് 24.76 ലക്ഷം പേർക്ക് സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് വീടുകളിലും 12.01 ലക്ഷം പേർക്ക് ബാങ്ക് അക്കൗണ്ടുവഴിയും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഡാറ്റായിൽ വന്നിട്ടുള്ള തെറ്റുകൾ കുടുംബശ്രീ മുഖേന തിരുത്തി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടപ്പോൾ നടപടി പൂർത്തിയായ 33.58 ലക്ഷത്തോളം പേർക്ക് പുതുവർഷത്തിന് മുമ്പായി പെൻഷൻ നൽകുകയുണ്ടായി. ശേഷിക്കുന്ന ഗുണഭോക്താക്കൾക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ഒരിക്കലും ഉണ്ടാകുകയില്ല. പെൻഷൻ നേരിട്ട് വീടുകളിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ചൂണ്ടിക്കാണിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) ആലപ്പുഴ ജില്ലയിലെ കൊലപാതകങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ ജില്ലയിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഹരിപ്പാട് സ്വദേശി സുജിത്തിന്റെ കൊലപാതകത്തിൽ പ്രതിയായ രാജീവിനെയും ചെന്നിത്തല സ്വദേശി ബാബുരാജിനെ കൊലപ്പെടുത്തിയ കേസ്സിൽ ജ്യേഷ്ഠൻ മുരളീധരനെയും കസ്റ്റഡിയിലെടുത്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. ഡിവൈ.എഫ്.ഐ വൈസ് പ്രസിഡന്റിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് അഞ്ചുപ്രതികളെയും കണ്ടല്ലൂർ സ്വദേശി സുമേഷിനെ വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ കൊലപ്പെടുത്തിയ 7 പ്രതികളെയും വഴിയമ്പലം റെയിൽവേക്രോസ്സിന് സമീപം ഡിവൈ.എഫ്.ഐ പ്രസിഡന്റ് ജിഷ്ണുവിനെ കൊലപ്പെടുത്തിയ 12 പ്രതികളെയും കരുവാറ്റയിൽ ഉല്ലാസിനെ കൊലപ്പെടുത്തിയ പ്രതി സന്ദീപ് സാജുവിനെയും അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കൊലപാതകങ്ങൾ നടന്നത് വ്യക്തിവൈരാഗ്യത്തിന്റെ പേരിലായതിനാൽ

അവ പൊതുവത്ക്കരിക്കേണ്ടതല്ല. അവിടെ ഭീതിജനകമായ സ്ഥിതിവിശേഷം നിലനിൽക്കുന്നില്ല. അക്രമങ്ങൾക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനായി ഗുണ്ടാ സ്ക്വാഡ് രൂപീകരിക്കുകയും കുപ്രസിദ്ധ ഗുണ്ടകളുടെ ലിസ്റ്റ് തയ്യാറാക്കി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്യുകയും 320 പേരെ കരുതൽ അറസ്റ്റ് ചെയ്യുകയും കാപ്പ ആക്ട് പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(2) ക്ഷേത്രത്തിലെ അക്രമം

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂർ പഞ്ചായത്തിലെ വാണിയമ്പലം ബാണാപുരം ത്രിപുര സുന്ദരി ദേവീ ക്ഷേത്രത്തിൽ അക്രമം നടത്തി സമാധാനാന്തരീക്ഷം തകർക്കാൻ ശ്രമിച്ച പ്രതികളെ അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബാണാപുരം ത്രിപുര സുന്ദരി ദേവീ ക്ഷേത്രത്തിൽ 19-01-2017 -ന് രാത്രി അക്രമവും മോഷണവും നടത്തിയ കേസിൽ പോലീസ് പരിശോധന നടത്തുകയും സ്ഥലം സീൻഗാർഡ് ചെയ്ത് ഫിംഗർ പ്രിന്റ് വിഭാഗം, ഡോഗ് സ്ക്വാഡ്, പോലീസ് ഫോട്ടോഗ്രാഫർ എന്നിവരുടെ സഹായത്തോടെ തെളിവെടുപ്പ് നടത്തുകയും സംശയമുള്ളവരുടെ

ഫോൺ നമ്പർ സൈബർ സെല്ലിന്റെ സഹായത്തോടെ പരിശോധന നടത്തി സംശയമുള്ളവരെ നിരീക്ഷിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ശക്തമായി തുടരുന്നതാണ്.

(3) സ്റ്റാഫ് പാറ്റേൺ അനുവദിക്കൽ

ശ്രീ. അൻവർ സാദത്ത്: ആലുവ ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും വകുപ്പുമന്ത്രി ആശുപത്രി സന്ദർശിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2011-ലാണ് ആലുവ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയത്. 227 കിടക്കകളുള്ള ആശുപത്രിയിൽ 1500- ൽപ്പരം രോഗികൾ ഒ.പി. വിഭാഗത്തിലും 200-ൽപ്പരം പേർ ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി ദിനംപ്രതി എത്തുന്നുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങൾ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ഹീമോഫീലിയ ചികിത്സാ കേന്ദ്രം, കീഹോൾ സർജറി യൂണിറ്റ്, എൻ.വി. ഐ.സി.യു. എന്നിവ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് 60

ജീവനക്കാരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എക്സ്റേ-ലബോറട്ടറി വിഭാഗവും ആംബുലൻസ് സേവനവും ഇവിടെ ലഭ്യമാണ്. സ്റ്റാൻഡേർഡൈസേഷൻ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലുവ ജില്ലാ ആശുപത്രിക്ക് ലഭ്യമാകേണ്ട സ്റ്റാഫ് പാറ്റേണും മറ്റ് സ്പെഷ്യാലിറ്റി സേവനങ്ങളും അനുവദിക്കുന്നതും ആശുപത്രിയിൽ സന്ദർശനം നടത്തുന്നതുമാണ്.

(4) മഞ്ഞള്ളൂർ പഞ്ചായത്തിനെ വില്ലേജിൽ ഉൾപ്പെടുത്തൽ

ശ്രീ. എൽദോ എബ്രഹാം : റവന്യൂ രേഖകളിൽ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കുമാരമംഗലം വില്ലേജിൽ ഉൾപ്പെട്ടിരിക്കുന്നതും മൂവാറ്റുപുഴ മണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്നതുമായ കുടുംബങ്ങൾ ഉൾപ്പെടുന്ന പ്രദേശം മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽ ഉൾപ്പെടുന്ന നൂറോളം വീടുകൾ ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജിലാണ് ഉൾപ്പെട്ടിട്ടുള്ളത്. മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ അടുത്തായതിനാൽ ഈ പ്രദേശം എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ

വില്ലേജിൽ ചേർക്കുന്നത് ജനങ്ങൾക്ക് സൗകര്യപ്രദമാകുമെന്ന ലാന്റ് റവന്യ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്തെ നൂറോളം വീടുകൾ ഇടുക്കി ജില്ലയിൽനിന്നും എറണാകുളം ജില്ലയിലേയ്ക്ക് മാറ്റി അതിർത്തി വ്യതിയാനം വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(5) പാറ്റൂർ, കുറത്തികാട് കുടിവെള്ള പദ്ധതികൾ

ശ്രീ. ആർ. രാജേഷ് : മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട്-പാറ്റൂർ, ഭരണിക്കാവ്-കുറത്തികാട് കുടിവെള്ള പദ്ധതികൾ അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയുടെ 6 ഘടകങ്ങളുടെപണി പൂർത്തീകരിച്ച സാഹചര്യത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതി എത്രയുംവേഗം കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. ഭരണിക്കാവ്-കുറത്തികാട് കുടിവെള്ള പദ്ധതിയുടെ കുറേ ഘടകങ്ങൾ പണി പൂർത്തീകരിച്ചു. കല്ലുമലയിൽ റെയിൽവേ ട്രാക്ക് ക്രോസിംഗിനായി അനുമതി നൽകിയിരുന്നുവെങ്കിലും റെയിൽവേ വികസനത്തിന്റെ ഭാഗമായി സബ്‌വേ വരുന്നതിനാൽ നേരത്തേ നൽകിയ

അനുമതി മരവിപ്പിച്ചു. പണി പൂർത്തീകരിക്കാൻ രണ്ട് വർഷം വേണ്ടിവരുമെന്നും നിർമ്മാണം കഴിഞ്ഞ് റെയിൽവേയുടെ വസ്തുവിൽ സ്ഥലമുണ്ടെങ്കിൽ മാത്രമേ പൈപ്പ്ലൈൻ ക്രോസിംഗിനുള്ള അനുമതി നൽകുകയുള്ളൂവെന്നും റെയിൽവേ അധികൃതർ അറിയിച്ചിരിക്കുകയാണ്. ട്രാക്ക് ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഇരുവശങ്ങളിലുമുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലം വിലയ്ക്കെടുക്കേണ്ടിവരും. കേന്ദ്ര ഫണ്ടുപയോഗിച്ച് സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണുള്ളത്. സമാന്തരമായി പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള മണ്ണ് പരിശോധനാ നടപടികൾ നടന്നുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്.

(6) <u>കനാൽ, പമ്പ് ഹൗസ് തുടങ്ങിയവയുടെ പ്രയോജനം ലഭ്യമാക്കൽ</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, കുറ്റിപ്പുറം പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കർഷകർക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിന് പമ്പ് ഹൗസ് പ്രവർത്തിപ്പിക്കാനും കനാൽ നിർമ്മിച്ചും തടയണ നിർമ്മാണത്തിലെ

അപാകത പരിഹരിച്ചും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കോട്ടയ്ക്കൽ മണ്ഡലത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാൽവഴി മങ്കേരി പ്രദേശത്തേയ്ക്കും തോട്ടുവഴി കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ, പേരശ്ശന്നൂർ പ്രദേശങ്ങളിലേയ്ക്കും വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. കുറ്റിപ്പുറം പഞ്ചായത്തിലെ വ്യത്യസ്ത ഭാഗങ്ങളിലേയ്ക്ക് നേരിട്ട് വെള്ളം എത്തിക്കുന്നതിനുള്ള പുതിയ പദ്ധതിയായ പേരശ്ശന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 81 ലക്ഷം രൂപയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിന്റെ പരിശോധന നടന്നുവരികയാണ്. ഇരിമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 660 മീറ്റർ നീളമുള്ള വടക്കേ ബ്രാഞ്ച് കനാലിൽനിന്ന് ഏകദേശം ഒരു കിലോമീറ്ററോളം ദൂരത്തിൽ പാടങ്ങളിലൂടെ ചാല് കീറിയാണ് 25 വർഷങ്ങൾക്കുമുമ്പ് വെള്ളം നൽകിയിരുന്നത്. എന്നാൽ ഈ പാടങ്ങളെല്ലാം മണ്ണിട്ട് നികത്തിയതിനാൽ വെള്ളം കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

(7) സ്റ്റാഫ് പാറ്റേണും അനുബന്ധ സൗകര്യങ്ങളും അനുവദിക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം : കൊണ്ടോട്ടി മണ്ഡലത്തിലെ ഓമാനൂർ സി.എച്ച്.സി. -ക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കാനും അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : കൊണ്ടോട്ടി മണ്ഡലത്തിലെ ഓമാനൂർ സി.എച്ച്.സി.-യിൽ മൂന്ന് അസിസ്റ്റന്റ് സർജൻമാരും രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരുമുൾപ്പെടെ 5 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ലാബും ഫാർമസിയും അവിടെ പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ മൂന്ന് ദിവസം കണ്ണ് പരിശോധനയും ഒരു ദിവസം ഗർഭിണികൾക്കായുള്ള പരിശോധനയും ഇമ്മ്യൂണൈസേഷനുള്ള സൗകര്യവുമുണ്ട്. നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾക്കുപുറമേ എൻ.ആർ.എച്ച്.എം. മുഖേന സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ജെ.പി.എച്ച്.എൻ. എന്നിവരെ നിയമിച്ചിട്ടുണ്ട്. ഓമാനൂർ സി.എച്ച്.സി.-യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (8) വിദ്യാലയങ്ങളിൽ കളരിപ്പയറ്റ് പരിശീലനം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : വിദ്യാലയങ്ങളിൽ കളരിപ്പയറ്റ്

പരിശീലനം ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ആയോധനകലയായ കളരിപ്പയറ്റ് നിലവിലുള്ള സ്കൂൾ സ്പോർട്സ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മാന്വൽ പരിഷ്കരിക്കുന്ന അവസരത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(9) തസ്തികകളുടെ അംഗീകാരം

ശ്രീ. എ. പ്രദീപ് കുമാർ : 2014-15 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അർഹതയുള്ള എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സംസ്ഥാനത്ത് 2014-15 അദ്ധ്യയന വർഷം അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ആവശ്യമായ തസ്തിക നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതിക്കും മന്ത്രിസഭായോഗ തീരുമാനത്തിനും വിധേയമായി മാത്രമേ തസ്തിക സൃഷ്ടിച്ച് നിയമനാംഗീകാരം നൽകാൻ കഴിയുകയുള്ളൂ. നിലവിലുള്ള അദ്ധ്യാപകർക്ക് ദിവസവേതനം നൽകുന്നുണ്ട്. തസ്തിക സൃഷ്ടിച്ച് അംഗീകാരം നൽകുന്നതിനുള്ള

നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## V ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. ജോൺ ഫെർണാണ്ടസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. എറണാകുളം ജില്ലയിലെ നിരവധി വികസന പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചത് സ്വാഗതാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കാനും ടി.സി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം. ടെൽക്കിനെ പൊതുമേഖലാ സ്ഥാപനമായി നിലനിർത്തുന്നതിന് 10 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. എറണാകുളം ജില്ലയുടെ വികസനം ലക്ഷ്യമാക്കിയുള്ള പെട്രോ കെമിക്കൽ, ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾ വമ്പിച്ച തൊഴിൽ സാധ്യതകളുള്ളതാണ്. ഇൻഫോ പാർക്കിന് 79 കോടി രൂപ മാറ്റിവച്ചതിലൂടെ 2021-ഓടുകൂടി ഒരു ലക്ഷത്തോളം ചെറുപ്പക്കാർക്ക് ജോലി നൽകാൻ സാധിക്കും. എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ചെല്ലാനം ഫിഷറീസ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ ഫണ്ട് അനുവദിക്കണം.

ശ്രീ. അടൂർ പ്രകാശ്: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ബഡ്ജറ്റിലെ ചില പ്രഖ്യാപനങ്ങൾ മാധ്യമങ്ങളില വന്നത് സംബന്ധിച്ച് അന്വേഷണം നടത്തണം. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് പ്രതിപക്ഷം ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുന്നത്. വരൾച്ച, ഭക്ഷ്യസാധനങ്ങളുടെ ദൗർലഭ്യം, പരമ്പരാഗത തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ ഇവയൊന്നും പരിഹരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. വരൾച്ച നേരിടുന്നതിനും ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ സംവിധാനങ്ങളൊരുക്കണം. കയർ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണ ജനങ്ങളുടെ ഉന്നമനത്തെ ലക്ഷ്യം വയ്ക്കുകയും സ്ത്രീ സുരക്ഷയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്ന ബഡ്ജറ്റാണിത്. പദ്ധതിയുടെ 11.5 ശതമാനം വനിതാ

ക്ഷേമത്തിനായി നീക്കിവച്ചിരിക്കുന്നത് ചരിത്രനേട്ടമാണ്. അടുത്ത വർഷത്തെ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കുന്നതോടൊപ്പം ജെൻഡർ ഓഡിറ്റ് റിപ്പോർട്ട് കൂടി സമർപ്പിക്കുമെന്ന ഉറപ്പ് പദ്ധതിയോടുള്ള ആത്മാർത്ഥതയാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, പാർപ്പിടം, ഭക്ഷ്യസുരക്ഷ, കുടിവെള്ളം എന്നീ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സമാനതകളില്ലാത്തതാണ്. ആരോഗ്യ മേഖലയിൽ പശ്ചാത്തലസൗകര്യ വികസനത്തിന് 2000 കോടി രൂപ വകയിരുത്തിയതും ആർദ്രം മിഷൻ രൂപീകരിക്കാനും 8100 തസ്തികകൾ സൃഷ്ടിക്കാനും തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഹരിതകേരളം പദ്ധതിയും കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി പദ്ധതി അടങ്കൽ 2100 കോടി രൂപയായി ഉയർത്തിയതും റബ്ബർ വില സ്ഥിരതാ ഫണ്ട് പ്രഖ്യാപിച്ചതും അഞ്ചുവർഷം കൊണ്ട് സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റുന്നതിനായി 16000 കോടി രൂപയുടെ ലൈഫ് മിഷൻ പദ്ധതി പ്രഖ്യാപിച്ചതും എടുത്തുപറയേണ്ടവയാണ്. പൊതുവിതരണ സമ്പ്രദായത്തെ അട്ടിമറിക്കുകയും ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പേരിൽ കേരളത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറച്ചതും മുൻഗണനാപട്ടികയിൽ കേരളത്തിലെ 46 ശതമാനം ജനങ്ങളെമാത്രം ഉൾപ്പെടുത്തിയതും

ന്യായീകരിക്കാവുന്നതല്ല. അരിവില നിയന്ത്രിക്കുന്നതിനുവേണ്ടി സിവിൽസപ്ലൈസ് വകുപ്പും കൺസ്യൂമർ ഫെഡും മാർക്കറ്റിൽ ഇടപെട്ടതും 1696 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്. ചിറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാനും പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനും ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് തടയുന്നതിനും യതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. അഞ്ചുവർഷംകൊണ്ട് 25 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം പാലിക്കപ്പെട്ടില്ല. പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പിലാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചിട്ടില്ല. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ സാങ്കേതിക വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ തുകയും തിരൂരങ്ങാടി താലൂക്കാശുപത്രിയിലേയ്ക്ക്

എച്ച്.റ്റി.ലൈൻ വലിക്കുന്നതിന് 1 കോടി രൂപയും തിരൂരങ്ങാടി-പരപ്പനങ്ങാടി കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള കാർഷിക-കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ തുകയും വകയിരുത്തണം. മലപ്പുറം ജില്ലയിലെ കാർഷിക മേഖല പുനരുജ്ജീവിപ്പിക്കണം. പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുന്നതും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കണം. പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക വർദ്ധിപ്പിക്കുന്നതിനും ഹയർ സെക്കണ്ടറി മേഖലയിൽ 3500 പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ദാരുണമായി കൊല്ലപ്പെട്ട ഫൈസലിന്റെ ഭാര്യയ്ക്ക് സർക്കാർ ജോലിയും കുടുംബത്തിന് നഷ്ടപരിഹാരവും നൽകുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. ജോർജ് എം. തോമസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമീപകാലത്ത് അവതരിപ്പിച്ച ബഡ്ജറ്റുകളെ അപേക്ഷിച്ച് മികച്ചൊരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വർദ്ധിപ്പിച്ച ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുമെന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വാഗ്ദാനം പ്രശംസനീയമാണ്.

സംസ്ഥാനത്തെ കാർഷിക മേഖലയിലെ പൊതു അടങ്കൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിപ്പിച്ചതും ചെറുകിട കൃഷികാർക്ക് റബ്ബറിനുപുറമേ വിലസ്ഥിരതാ ഫണ്ട് എന്ന നിലയിൽ 150 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. കാർഷിക ജലസേചന പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക വർദ്ധിപ്പിക്കുന്നതിനും വാർഡ് അടിസ്ഥാനത്തിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും വാല്യൂ അഡിഷൻ പദ്ധതി നടപ്പിലാക്കുന്നതിനും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം. തിരുവമ്പാടി-കുന്ദമംഗലം-കൊടുവള്ളി നിയോജകമണ്ഡലങ്ങളെ ബാധിക്കുന്നതും കെ.എം.സി.റ്റി., എൻ.ഐ.റ്റി., ഐ.ഐ.എം. തുടങ്ങിയ സ്ഥാപനങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുമായി ആവിഷ്കരിച്ച മേജർ കുടിവെള്ള പദ്ധതിക്കാവശ്യമായ തുക അനുവദിക്കുന്നതിനും ആറ് കിലോമീറ്ററോളം വരുന്ന ടണൽ റോഡ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സംസ്ഥാന ബഡ്ജറ്റിന്റെ ആകെ വരുമാനത്തിൽ 31 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റും മറ്റ് സഹായവുമാണ്. പല കേന്ദ്ര പദ്ധതികളുടെയും പേര് മാറ്റി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്

ചെയ്തിട്ടുള്ളത്. ബഡ്ജറ്റ് ആരംഭിക്കുന്നതുതന്നെ കേന്ദ്ര സർക്കാരിന്റെ നയപരിപാടികൾ ഓരോന്നോരോന്നായി വിശദീകരിച്ചുകൊണ്ടാണ്. അതിനെ വിമർശിക്കാൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അനുയോജ്യമല്ല. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. കിഫ്ബി ഒരു സങ്കല്പം മാത്രമാണ്. എല്ലാ പദ്ധതികളും നടപ്പാക്കാനുള്ള പണം കിഫ്ബിക്ക് എവിടെ നിന്ന് ലഭിക്കുമെന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം. കഴിഞ്ഞ ബഡ്ജറ്റിൽ ആറ്റുകാൽ ടൗൺഷിപ്പിന് 100 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും മണക്കാട്-ആറ്റുകാൽ ക്ഷേത്രത്തിലേയ്ക്കുള്ള റോഡ് വികസനം സംബന്ധിച്ചും നടത്തിയ പ്രഖ്യാപനം യാഥാർത്ഥ്യമായില്ല. ഈ ബഡ്ജറ്റിൽ ഫിലിം ഫെസ്റ്റിവലിന് നേമം മണ്ഡലത്തിന് സ്ഥിരം സ്ഥലം അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കണം.

<u>ശ്രീ. ഒ. ആർ. കേളു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദീർഘവീക്ഷണത്തോടുകൂടിയ ബഡ്ജറ്റിൽ പ്രകൃതി സംരക്ഷണത്തിന് മുൻതൂക്കം നൽകിയിരിക്കുന്നത് ശ്രദ്ധേയമാണ്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ, നെൽക്കൃഷി

തിരിച്ചുകൊണ്ടുവരുന്നതിനുള്ള ബൃഹത് പദ്ധതി, മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി, തോട് സംരക്ഷണ പദ്ധതി ഇവയൊക്കെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എടുത്തുപറയേണ്ടതാണ്. വയനാട് പാക്കേജ്, നവകേരള മിഷൻ, ഹരിതകേരളം പദ്ധതി, ആർദ്രം പദ്ധതി, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണം, സാമൂഹ്യ സുരക്ഷയ്ക്ക് പ്രാധാന്യം നൽകൽ ഇവയൊക്കെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. പട്ടികജാതിക്കാർക്ക് 2600 കോടി രൂപ അനുവദിച്ചതും പട്ടികവർഗ്ഗക്കാർക്ക് 751 കോടി രൂപ വകയിരുത്തിയതും ഇടുക്കി ജില്ലയിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ ഒരു സ്കൂൾ അനുവദിച്ചതും പ്രശംസനീയമാണ്. ഗോത്ര ബന്ധു പദ്ധതി, തുറമുഖ വകുപ്പിലേയ്ക്ക് പുതിയ പട്ടികവർഗ്ഗ വിഭാഗക്കാരെ റിക്രൂട്ട് ചെയ്യുന്ന പദ്ധതി എന്നിവ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വയനാട് ജില്ലയിൽ ആവശ്യത്തിന് മൃഗാശുപത്രികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ അയ്യങ്കാളി തൊഴിൽദാന പദ്ധതി ആരംഭിക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള പദ്ധതി

ആവിഷ്കരിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എൻ. വിജയൻ പിള്ള: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ അഴിമതിയും കൈക്കൂലിയുമില്ലാത്ത മിച്ചബഡ്ജറ്റുള്ള ഒരു സംസ്ഥാനമായി മാറ്റുന്നതിനുള്ള ശ്രമം നടത്തണം. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും സംസ്ഥാനത്തുതന്നെ വിനിയോഗിക്കുന്ന സംവിധാനമുണ്ടാകണം. ചവറ ടൈറ്റാനിയം മെറ്റൽ കോംപ്ലക്സ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതാണെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. ചവറയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നുള്ളത് സംബന്ധിച്ച് വിലയിരുത്തൽ നടത്തണം. നോട്ട് പിൻവലിക്കലിനെത്തുടർന്ന് നിക്ഷേപരംഗം സ്തംഭനാവസ്ഥയിലാണ്. സഹകരണ മേഖലയിലെ നിക്ഷേപകർക്ക് ആശ്വാസം പകരുന്ന ഒരു നടപടിയും ബഡ്ജറ്റിലില്ല. കാർഷിക മേഖല പൂർണ്ണമായും തകർന്നിരിക്കുകയാണ്. വരൾച്ച അഭിമുഖീകരിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നടപടികളെ അതിജീവിക്കുന്നതിനുമുള്ള ഒരു

നടപടിയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതിക്കാർക്കായി വകയിരുത്തുന്നുവെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും അർഹമായ തുക ദളിത്, പിന്നാക്ക, ന്യൂനപക്ഷ, ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കണം.

<u>ശ്രീ. പി. ഉണ്ണി</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനകീയവും ജനപക്ഷവുമായ ബഡ്ജറ്റാണിത്. പുതിയ നികുതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ലാത്ത ഈ ബഡ്ജറ്റിൽ നാടിന്റെ സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്ന ഒട്ടേറെ നിർദ്ദേശങ്ങളുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ പഞ്ചായത്തിന്റെ സ്റ്റാഫായി മാറുന്നതിലൂടെ പഞ്ചായത്തുകൾ നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിക്കും. ക്ഷേമപെൻഷനുകൾ 1,000 രൂപയായി വർദ്ധിപ്പിച്ചതിനുപുറമേ ഓരോ വർഷവും 100 രൂപ വീതം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനവും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് താങ്ങായി മാറുന്ന ധാരാളം പ്രഖ്യാപനങ്ങൾ ബഡ്ജറ്റിലുണ്ട്. നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനും

മറ്റുമായി 12 കോടി രൂപ നീക്കിവയ്ക്കുകയും കാർഷിക മേഖലയുടെ അടങ്കൽ തുക വർദ്ധിപ്പിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10% കാർഷിക മേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും സ്വകാര്യവത്കരിക്കുന്നതിനുമുള്ള ശ്രമം കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കെ വൻകിട വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനുമായി 482 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 270 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. പ്രവാസി ക്ഷേമപെൻഷൻ 2,000 രൂപയാക്കി ഉയർത്തുകയും നോർക്ക പ്രവർത്തനങ്ങൾക്ക് 61 കോടി രൂപ അനുവദിക്കുകയും ചെയ്തതിന് പുറമെ പ്രവാസികളെ അർഹിക്കുന്ന വിധത്തിൽ അംഗീകരിക്കാനും സംരക്ഷിക്കാനും ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ നാമമാത്രമായ വിലയ്ക്ക് പി.എച്ച്.സി.കൾവഴി വിതരണം ചെയ്യാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. ജില്ല, താലൂക്ക്, ജനറൽ ആശുപത്രികളുടെ ഭൗതീകസാഹചര്യം ഉയർത്തുന്നതിന് 2000 കോടി രൂപയും റീജിയണൽ ക്യാൻസർ സെന്ററിന് 66 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ആർ.സി.സി.-ക്ക് അനുവദിച്ച വിഹിതം വർദ്ധിപ്പിക്കണം. ശുചിത്വ മിഷന് 127 കോടി രൂപയും മാലിന്യ നിർമ്മാർജ്ജനത്തിനായി 150 കോടി രൂപയും ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനായി 100 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. വിവിധ കുടിവെള്ള പദ്ധതികൾക്കായി 1,696 കോടി രൂപയും വിലക്കയറ്റം തടയുന്നതിനായി 900 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കേരളം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഒട്ടനവധി നിർദ്ദേശങ്ങളും ആശ്വാസ നടപടികളും ബഡ്ജറ്റിലുണ്ട്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പുതുതായി റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനും കുളങ്ങളും തോടുകളും തടാകങ്ങളും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ധാരാളം നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പോകുന്ന ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തണം. കൊല്ലം ജില്ലയുടെ വികസനത്തിനായി 1500-ലധികം കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. തോട്ടണ്ടി സംഭരണത്തിന് 30 കോടി, ഫാക്ടറി

നവീകരണത്തിന് 42 കോടി, കശുമാവ് കൃഷിക്ക് 6.5 കോടി എന്നീ ക്രമത്തിൽ തുക അനുവദിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 69 കോടി രൂപയും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ നൽകാനുള്ള 56 കോടി രൂപയും പി.എഫ്. കുടിശ്ശികയായ 6 കോടി രൂപയും അനുവദിക്കണം. കശുവണ്ടി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും 50,000 ഏക്കർ ഭൂമി ലഭ്യമാക്കുകയും കശുവണ്ടി മേഖലയെ സംരക്ഷിക്കാൻ ഒരു പാക്കേജ് തയ്യാറാക്കുകയും വേണം. കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ 43-ൽ നിന്നും 185 ആയി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കപ്പെട്ട സംസ്ഥാനം കേരളമാണ്. മാർച്ച് 31-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി മാറും.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> ബഡ്ജറ്റിനെ എതിർക്കുന്നു. വേണ്ടത്ര വിഭവസമാഹരണമില്ലാതെയാണ് ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനോ അഴിമതി മുക്തമാക്കുന്നതിനോ നികുതിയേതര വരുമാനത്തിന്റെ നില മെച്ചപ്പെടുത്തു

ന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല. മുൻ ബഡ്ജറ്റിലെ വൻകിട പദ്ധതികൾ ഈ ബഡ്ജറ്റിലും ആവർത്തിച്ചിരിക്കുന്നത് അവ നടപ്പാക്കാനായില്ല എന്നതിന്റെ സൂചനയാണ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കാര്യമായ യാതൊരു നിർദ്ദേശവും ബഡ്ജറ്റിലില്ല. സംസ്ഥാനത്തെ മോശം ധനസ്ഥിതിക്ക് കാരണം നോട്ട് പ്രതിസന്ധിയാണെന്ന് പറഞ്ഞ് രക്ഷപ്പെടാനാണ് സർക്കാർ ശ്രമിക്കുന്നത്. ന്യൂനപക്ഷക്ഷേമ പദ്ധതികൾക്ക് തുക വകയിരുത്തണം. പ്രവാസിക്ഷേമ പെൻഷൻ വർദ്ധിപ്പിച്ച നടപടി ആശ്വാസകരമാണെങ്കിലും 5000 രൂപയാക്കി തുക ഉയർത്തണമെന്നാണ് ആവശ്യപ്പെടാനുള്ളത്. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 124 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയത് അഭിനന്ദനാർഹമാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമൂഹ്യമായ തുല്യതയും പങ്കാളിത്തവും ഉറപ്പുവരുത്തുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അടിസ്ഥാന മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് ബഡ്ജറ്റ് തുടക്കം കുറിച്ചിരിക്കുകയാണ്. കിഫ്ബി വഴിയുള്ള ധനസമാഹരണത്തെ സംബന്ധിച്ച പ്രതിപക്ഷത്തിന്റെ ആശങ്കകൾക്ക്

അടിസ്ഥാനമില്ല. മുൻ യു.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും അഴിമതിയും നികുതിപിരിവിലെ ക്രമക്കേടുകളുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രത തകരാനിടയാക്കിയത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പാക്കുന്നത്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എല്ലാ വീടുകളിലും ശുചിമുറിയുള്ള സംസ്ഥാനമായി കേരളം മാറിയതുപോലെ എല്ലാ വീടുകളിലും വൈദ്യുതിയുള്ള സംസ്ഥാനമായും മാറുകയാണ്. ആറന്മുള നിയോജകമണ്ഡലത്തിലെ ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ അനുവദിച്ച നടപടി സ്വാഗതാർഹമാണ്. അലുമിനിയം ഫാബ്രിക്കേഷൻ, കിച്ചൻ ക്യാബിനറ്റ്, എയർകണ്ടീഷൻ പ്ലാന്റ് നിർമ്മാണം എന്നിവയുടെ കരാർ പണിക്ക് പ്രഖ്യാപിച്ചിരിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ നിബന്ധനകളിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. വി. അൻവർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തികച്ചും ജനോപകാരപ്രദമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കിമാറ്റുന്നതിന് ആയിരം കോടി രൂപ

അനുവദിച്ചത് പൊതുവിദ്യാഭ്യാസ മേഖലയോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. ആരോഗ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തുക വകയിരുത്തിയതും മരുന്നു വിലയിൽ പത്ത് ശതമാനം ഇളവ് അനുവദിച്ചതും സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചതും കാർഷിക മേഖലയുടെ വികസനത്തിന് തുക അനുവദിച്ചതും അഭിനന്ദനാർഹമാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന 'അതിവേഗം ബഹുദൂരം' പദ്ധതി പരാജയമായിരുന്നു. ഇടതുപക്ഷം ഭരണം നടത്തുന്ന സംസ്ഥാനങ്ങളോട് കേന്ദ്രം തികച്ചും വിവേചനപരമായ നിലപാടാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. തികച്ചും യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ധനസമാഹരണത്തിന് ബദൽ മാർഗ്ഗങ്ങൾ ആലോചിക്കാതെ 'കിഫ്ബി'യെ മാത്രം ആശ്രയിക്കുന്നത് വലിയൊരു ന്യൂനതയാണ്. കിഫ്ബിയിലൂടെ കടമെടുക്കുന്ന പണം മൂലധനച്ചെലവുകൾക്കുപുറമെ റവന്യൂ ചെലവുകൾക്കുകൂടി ഉപയോഗിക്കുന്നതിനാൽ റവന്യൂ കമ്മി വർദ്ധിച്ചുവരികയാണ്. മലയോര-തീരദേശ ഹൈവേ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കിഫ്ബിയിലൂടെ വിഭവ സമാഹരണം നടത്തുമെന്നത് സാങ്കല്പികം മാത്രമാണ്. ജി.എസ്.ടി.

നടപ്പിലാകുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതി വരുമാനം അത്യാവശ്യ മേഖലകളിൽ കൃത്യമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സബ്സിഡി ഏർപ്പെടുത്തിക്കൊണ്ട് മുൻകാലങ്ങളിലേതുപോലെ റേഷൻ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പുതിയ ധനാഗമമാർഗ്ഗങ്ങളും നികുതിയേതര വരുമാനങ്ങളും കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. വിവിധ കുടിവെള്ള പദ്ധതികൾക്കാവശ്യമായ പണം വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വളർച്ചയെ മുന്നോട്ട് നയിക്കുന്നതിനുള്ള ഒരു രേഖയാണ് ബഡ്ജറ്റ്. വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലെത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലൂടെ നൽകിയിട്ടുള്ളത്. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൊല്ലം-കൊട്ടാരക്കര താലൂക്ക് വിഭജിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യത്തിന്മേൽ അനുകൂല തീരുമാനമെടുക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഡ്ജറ്റിനെ എതിർക്കുന്നു. മുൻ ബഡ്ജറ്റിലെ പല പ്രഖ്യാപനങ്ങളും പാലിക്കപ്പെടാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കേണ്ടതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കാനുള്ള പ്രഖ്യാപനങ്ങളൊന്നും ബഡ്ജറ്റിലില്ല. സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുന്ന പ്രവാസികൾക്കായി ഫലപ്രദമായ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പാകുമ്പോൾ ലഭിക്കുന്ന അധിക വരുമാനം ചെലവഴിക്കുന്നത് എങ്ങനെയെന്നത് സംബന്ധിച്ച് വ്യക്തമാക്കണം. ഡിജിറ്റൽ കേരള പദ്ധതിയിൽ സ്ത്രീ സുരക്ഷയ്ക്കായുള്ള ഒരു പദ്ധതിയും ഉൾപ്പെടുത്തിയിട്ടില്ല. സ്ത്രീ സുരക്ഷ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പരിസ്ഥിതി സംബന്ധിച്ച് ധവളപത്രമിറക്കുമെന്ന് പറഞ്ഞെങ്കിലും അതുണ്ടായില്ല. പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ഈ ഗവൺമെന്റിന് രണ്ടഭിപ്രായമാണുള്ളത്.

ശ്രീ. ആർ. രാജേഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ ബഡ്ജറ്റിൽ എല്ലാ ജില്ലകൾക്കും അർഹമായ പരിഗണന നൽകിയിട്ടുണ്ട്. ബഡ്ജറ്റ് ചോർന്നുവെന്ന ആരോപണം

അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വ്യാപകമായി ലംഘിക്കപ്പെടുകയും നികുതി സമാഹരണത്തിൽ ഗുരുതരമായ വീഴ്ചയുണ്ടാവുകയും പല മേഖലകളിലും അഴിമതിയും ക്രമക്കേടും വ്യാപിക്കുകയും ചെയ്തു. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ അവസാന ക്യാബിനറ്റിലെടുത്ത തീരുമാനങ്ങളെല്ലാം നിയമവിരുദ്ധമാണെന്ന് സി ആന്റ് എ ജി റിപ്പോർട്ട് വന്നിരിക്കുകയുമാണ്. സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് കൺട്രോൾ റൂമുകൾക്കും സ്വയം പ്രതിരോധ പരിശീലനത്തിനും ഷെൽട്ടർ ഹോംസിനും ഷോർട്ട് സ്റ്റേ ഹോംസിനും വൺസ്റ്റോപ് ക്രൈസിസ് സെന്ററിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് പ്രശംസനീയമാണ്. വനിതാ പോലീസ് ബറ്റാലിയനും താലൂക്കുതല വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിക്കുമെന്ന പ്രഖ്യാപനവും ഇരകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും 217 സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. കയർ, കശുവണ്ടി, ഐ.ടി, ടൂറിസം മേഖലകൾക്ക് ഈ ബഡ്ജറ്റിൽ പ്രത്യേക പാക്കേജ് ഏർപ്പെടുത്തിയത്

അഭിനന്ദനാർഹമാണ്. കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായും ഒ.ഡി.എഫ്.ആയും പ്രഖ്യാപിക്കുമെന്നത് സ്വാഗതാർഹമാണ്. പാചകത്തൊഴിലാളികൾക്ക് കിട്ടാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

സഭ ഉച്ചയ്ക്കുശേഷം 3. 16-ന് പിരിഞ്ഞു.

……